**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2487** **05/02/2018-ൽ മറുപടിയ്ക്ക്**

**കേപ് എഞ്ചിനിയറിംഗ് കോളേജിന്റെ വികസനം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ. എൻ. ഷംസീർ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) തലശ്ശേരി നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന കേപ് എഞ്ചിനീയറിംഗ് കോളേജിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം സഹായങ്ങളാണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;<br><br>(ബി) പ്രസ്തുത എഞ്ചിനീയറിംഗ് കോളേജിന്റെ വികസനത്തിനായി എന്തെങ്കിലും സഹായങ്ങൾ ചെയ്യുന്നത് സർക്കാറിന്റെ പരിഗണനയിൽ ഉണ്ടോ എന്ന് വ്യക്തമാക്കുമോ? | (എ) യും (ബി) യും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേപ്പിന്റെ കീഴിലുള്ള തലശ്ശേരി എഞ്ചിനീയറിംഗ് കോളേജ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക വികസനത്തിനും, മറ്റ് ചെലവുകൾക്കുമായി 45.856 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തലശ്ശേരി എഞ്ചിനീയറിംഗ് കോളേജിൽ സിവിൽ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും കോളേജിലെ ലാബുകൾ വിപുലീകരിക്കുകയും ലൈബ്രറി പുതുക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ കോളേജുകളേയും മികവിന്റെ കേന്ദ്രമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായുള്ള ഫണ്ട് കിഫ്ബി വഴി ലഭ്യമാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.<br><br>കൂടാതെ തലശ്ശേരി എം.എൽ.എ യുടെ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 135 ലക്ഷം രൂപ ചെലവിൽ ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**